SS – 163

22

III Semester B.A./B.Sc./B.C.A./B.Sc. (F.A.D.) Examination, Nov./Dec. 2018
(CBCS) (F + R) (2015-16 and Onwards)
MALAYALAM LANGUAGE (Paper – III)

Time : 3 Hours Max. Marks : 70

ST. CLARET COLLEGE LIBRARY

I. **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയം സന്ദർഭം വ്യക്തമാക്കുക). **(4×3=12)**

1) 'അന്നു നറുചന്ദനം ചാർത്തിയൊരു ദേവന്റെ
മുന്നിലിതു പൊന്നൊളി ചൊരിഞ്ഞു'

2) 'ഇവിടെയമ്പാടി തന്നൊരു കോണിലരിയ മൺ –
കുടിലിൽ ഞാൻ മേവുമൊരു പാവം'

3) 'വയ്യാതെ, വീഴാതെ –
വിറപൂണ്ടു നിൽക്കുന്നു സിംഹം'

4) 'എന്റെ കരങ്ങളുമുയരുന്നു, കൊടി,
പൊങ്ങുന്നു ! ഹാ ! നീ വിജയിക്കുക'

5) 'ആളൊഴിഞ്ഞു, ദീപമാലകളണഞ്ഞുള്ളിൽ
ദേവനുമുറങ്ങി,യിരുളാർന്നു'.

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×6=12)**

1) ദാരിദ്ര്യം അനുഭവിക്കുന്ന ഒരു സമൂഹത്തിന്റെ പ്രതിനിധിയാണ് കൂറയിൽ പൊതിഞ്ഞ കുഞ്ഞ് – വ്യക്തമാക്കുക.

2) അമ്പലത്തിന്റെ പ്രതാപകാലം വിവരിക്കുക.

3) 'കൃഷ്ണാ ! നീയെന്നെയറിയില്ല' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×6=12)**

1) ഏതൊരു മനുഷ്യന്റെ ജീവിതത്തിലും ഉണ്ടാകാവുന്ന ഒരു സാഹചര്യമാണ് 'ഒരു മനുഷ്യൻ' – വ്യക്തമാക്കുക.

2) രാച്ചിയമ്മ എന്ന കഥാപാത്രം.

3) പൊൻകുന്നം വർക്കി കണ്ടെത്തിയ കർഷകജീവിതം വിവരിക്കുക.

P.T.O.

III. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപ്പുറത്തിൽ** കവിയാതെ). **(1×14=14)**

1) 'മുറിവേറ്റ സിംഹം' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

2) കവിയുടെയും, കവിതയുടേയും അവഗണനയാണ് 'അമ്പലമണി' എന്ന കവിത – വ്യക്തമാക്കുക.

IV. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര**പുറത്തിൽ കവിയാതെ) : **(1×14=14)**

1) രാച്ചിയമ്മയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉറൂബ് എങ്ങനെ വിവരിക്കുന്നു ?

2) ജീവിതയാതനകൾ അനുഭവിക്കുന്ന വിവിധ മുഖങ്ങളാണ് 'പാപത്തറ' എന്ന കഥയെ അടിസ്ഥാനമാക്കി, സ്ത്രീയുടെ യാതനയെ വ്യക്തമാക്കുക.

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **3**

മനുഷ്യദർശനം പ്രകൃതി ദർശനത്തിലൂടെ സാധിക്കുന്ന ഭാരതീയ ദർശനത്തിന്റെ ഏറ്റവും ഉജ്ജ്വലമായ ആധുനിക രൂപം നാം മലയാളസാഹിത്യത്തിൽ കണ്ടുമുട്ടുന്നത് കുമാരനാശാനിലാണ്. ടാഗോർ, പാടിയ അരണ്യസന്ദേശം ആ കാവ്യധാരയിൽ നിരന്തരം മാറ്റൊലിക്കൊള്ളുന്നു. മനുഷ്യനെ മാത്രം സ്നേഹിക്കുക സ്നേഹമല്ലെന്നും ശരിയായ സ്നേഹം വൃക്ഷങ്ങളെയും പക്ഷികളെയും മൃഗങ്ങളെയും എല്ലാം ഉൾക്കൊള്ളുന്നതാണെന്നും ആശാൻ വിശ്വസിച്ചു. ആസ്തിക്യത്തിന്റെ അടിസ്ഥാനം വേദം മാത്രമല്ലെന്നും ആശാൻ മനസ്സിലാക്കി. ഇന്ന് എഴുത്തുക്കാരൻ മനുഷ്യൻ മാത്രം സഞ്ചരിക്കുന്ന മരിച്ച പാതകളിലൂടെ മനുഷ്യനെ അന്വേഷിച്ച് കണ്ടെത്താതെ, വഴിയോരത്ത് താൻ കണ്ടു പേടിച്ച നിഴലുകൾ മനുഷ്യനാണെന്ന് ചിത്രീകരിച്ച് കൃതാർത്ഥനാകാൻ സ്വയം നിർബന്ധിക്കപ്പെട്ടു കഴിയുന്നു. വിരൽ പഴുത്ത ഒരു കുഞ്ഞിനെപ്പോലെ, ആ ചിത്തവൃത്തിയോടെ വ്യാകുലനായിരിക്കുന്നവനാണ് ഇന്നത്തെ സാഹിത്യക്കാരൻ.

VI. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു ചെറുകഥാകാരനും, അയാളുടെ കൃതിയും വിവരിക്കുക. **3**

---